**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 918** **14-01-2021 - ൽ മറുപടിയ്ക്ക്**

**മാഞ്ഞൂരിലെ അംഗൻവാടികൾക്ക് മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രൊജെക്റ്റിന്റെ സ്ഥലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ മാഞ്ഞൂർ പഞ്ചായത്തിലെ രണ്ട് അംഗൻവാടികൾക്ക് മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രൊജെക്റ്റിന്റെ സ്ഥലം അനുവദിക്കുന്നതിനുവേണ്ടി ചീഫ് എഞ്ചിനീയറോട് റിപ്പോർട്ട് തേടിയിട്ടുണ്ടെങ്കിലും ഇതുവരെ റിപ്പോർട്ട് നൽകാത്ത സാഹചര്യം വ്യക്തമാക്കാമോ; | (എ) | മാഞ്ഞൂർ പഞ്ചായത്തിൽ 2-ാം വാർഡിൽ അംഗനവാടി കെട്ടിടം പണിയുന്നതിന് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സ്ഥലം എം.വി. ഐ.പി കുറുപ്പന്തറ ഉപകനാലിന്റെ ചെ.2060 മീറ്ററിന് സമീപമാണ്. ഈ ഭാഗത്ത് കനാൽ കട്ട് ആൻറ് കവർ ആയിട്ടാണ് നിർമ്മിച്ചിട്ടുള്ളത്. ഇവിടെ കട്ട് ആന്റ് കവറിന്റെ സ്ലാബ് ഭൂനിരപ്പിൽ നിന്നും 2.50 മീറ്റർ താഴ്ചയിലാണ്. ഈ ഭാഗത്ത് കനാൽ നിർമ്മാണത്തിന് ശേഷം ഒഴിഞ്ഞുകിടക്കുന്ന സ്ഥലത്ത് അംഗൻ വാടി കെട്ടിടം പണിതാൽ ഭാവിയിൽ കനാലിന്റെ ഈ ഭാഗത്ത് എന്തെങ്കിലും അറ്റകുറ്റ പണികൾ ആവശ്യമായി വന്നാൽ അത് സാധ്യമാകുമോയെന്ന് പരിശോധി ക്കുവാൻ നിർദ്ദേശിച്ചിരുന്നു. ഇതിനായി പണിയാൻ ഉദ്ദേശിക്കുന്ന അംഗൻവാടി കെട്ടിടത്തിന്റെ പ്ലാൻ മാഞ്ഞൂർ പഞ്ചായത്തിൽ നിന്നും ആവശ്യപ്പെട്ടിട്ടും യഥാസമയം ലഭ്യമാകാത്തതിനാലാണ് കാലതാമസമുണ്ടായത്. |
| (ബി) | മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രൊജെക്റ്റിന്റെ ചീഫ് എഞ്ചിനീയർ ഓഫീസിൽ ഒരു വർഷമായിട്ടും പ്രസ്തുത ഫയലിൽ വീഴ്ച വരുത്തിയതിനെക്കുറിച്ച് വിശദീകരണം നൽകാമോ; | (ബി) | മാഞ്ഞൂർ പഞ്ചായത്തിൽ 2-ാം വാർഡിൽ അംഗനവാടി കെട്ടിടം പണിയുന്നതിന് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സ്ഥലം എം.വി. ഐ.പി കുറുപ്പന്തറ ഉപകനാലിന്റെ ചെ.2060 മീറ്ററിന് സമീപമാണ്. ഈ ഭാഗത്ത് കനാൽ കട്ട് ആൻറ് കവർ ആയിട്ടാണ് നിർമ്മിച്ചിട്ടുള്ളത്. ഇവിടെ കട്ട് ആന്റ് കവറിന്റെ സ്ലാബ് ഭൂനിരപ്പിൽ നിന്നും 2.50 മീറ്റർ താഴ്ചയിലാണ്. ഈ ഭാഗത്ത് കനാൽ നിർമ്മാണത്തിന് ശേഷം ഒഴിഞ്ഞുകിടക്കുന്ന സ്ഥലത്ത് അംഗൻ വാടി കെട്ടിടം പണിതാൽ ഭാവിയിൽ കനാലിന്റെ ഈ ഭാഗത്ത് എന്തെങ്കിലും അറ്റകുറ്റ പണികൾ ആവശ്യമായി വന്നാൽ അത് സാധ്യമാകുമോയെന്ന് പരിശോധി ക്കുവാൻ നിർദ്ദേശിച്ചിരുന്നു. ഇതിനായി പണിയാൻ ഉദ്ദേശിക്കുന്ന അംഗൻവാടി കെട്ടിടത്തിന്റെ പ്ലാൻ |

| | | | |
|---|---|---|---|
| | | | മാഞ്ഞൂർ പഞ്ചായത്തിൽ നിന്നും ആവശ്യപ്പെട്ടിട്ടും യഥാസമയം ലഭ്യമാകാത്തതിനാലാണ് കാലതാമസമുണ്ടായത്. |
| (സി) | ഒഴിഞ്ഞു കിടക്കുന്ന ഉപയോഗശൂന്യമായ ഭൂമി സാമൂഹ്യക്ഷേമവകുപ്പിന് വിട്ടുനൽകി പഞ്ചായത്ത് മുഖേന അംഗൻവാടി പണിയുന്നതിന് വേണ്ട സഹായം നൽകുമോ? | (സി) | നിർദ്ദിഷ്ട അംഗനവാടി കെട്ടിടത്തിന്റെ അളവുകൾ ലഭ്യമായാൽ ഉടൻ തന്നെ പരിശോധിച്ച് സ്ഥലം വിട്ടു നൽകുന്ന വിഷയം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ